കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളനാട് ഗ്രാമപഞ്ചായത്ത് - കാർഷിക വിപണിക്ക് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.2737/13/തസ്വഭവ                    തിരുവനന്തപുരം, തീയതി: 06.11.2013.

പരാമർശം:1) വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.07.2013-ലെ എ 2-3912/13 നമ്പർ കത്ത്.

2) സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 31.07.2013, 23.10.2013 തീയതികളിലെ 3.14-)ം നമ്പർ തീരുമാനങ്ങൾ.

## ഉത്തരവ്

വെള്ളനാട് ഗ്രാമപഞ്ചായത്ത് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന കാർഷിക വിപണിയ്ക്ക് വാഹനം എന്ന 5,00,000/- (അഞ്ച് ലക്ഷം) രൂപയുടെ പ്രോജക്ടിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഡ്രൈവറുടെ ശമ്പളം, വാഹനത്തിന്റെ ഇന്ധനചെലവ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ ആവർത്തന ചെലവുകൾ കാർഷിക വിപണി വഹിക്കണമെന്ന വ്യവസ്ഥയിൽ കർഷകരിൽ നിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ കാർഷിക വിപണിയിൽ എത്തിക്കുന്നതിന് 5,00,000/- (അഞ്ച് ലക്ഷം) രൂപയിൽ കവിയാത്ത തുകയ്ക്ക് ഗുഡ്സ് ക്യാരിയർ ഇനത്തിലുള്ള വാഹനം വാങ്ങുന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വത്സല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (LBA&A) തിരുവനന്തപുരം.
സെക്രട്ടറി, വെള്ളനാട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ